"ഭരണഭാഷ- മാതൃഭാഷ"

150 YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

വ്യവസായ വകുപ്പ് - കേരള ആർട്ടിസാൻസ് ഡെവലപ്മെന്റ് കോർപ്പറേഷൻ - പുതിയ തസ്തികകൾ രൂപീകരിക്കുന്നതുമായി ബന്ധപ്പെട്ട് വിശദപഠനം - സെന്റർ ഫോർ മാനേജ്മെന്റ് ഡെവലപ്മെന്റ് (Centre for Management Development) -നെ ചുമതലപ്പെടുത്തി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**വ്യവസായ (കെ) വകുപ്പ്**

സ.ഉ.(സാധാ) നം.711/2022/ID　　　　　തീയതി,തിരുവനന്തപുരം, 16-07-2022

---

പരാമർശം:-　1. 04.09.2015 -തീയതിയിലെ G.O(MS)No.123/15/IDനമ്പർ ഉത്തരവ്.
കാഡ്കോ മാനേജിംഗ് ഡയറക്ടറുടെ 17.11.2020-ലെ KADCO/E1 /GEN-STF/2017-18 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

കേരള ആർട്ടിസാൻസ് ഡെവലപ്മെന്റ് കോർപ്പറേഷനിൽ എൽ.ഡി-യു.ഡി അനുപാതം 1:1 ആണെന്നിരിക്കെ കാഡ്കോയിൽ 4 എൽ.ഡി അസിസ്റ്റന്റുമാർക്ക് 1 യു.ഡി അസിസ്റ്റന്റ് തസ്തിക മാത്രമെ നിലവിലുള്ളുവെന്നും കൂടാതെ ഒരു എൽ.ഡി ടൈപ്പിസ്റ്റ്-ക്ലർക്ക് തസ്തികയ്ക്ക് ആനുപാതികമായി യു.ഡി.ടൈപ്പിസ്റ്റ്-ക്ലർക്ക് തസ്തിക നിലവിലില്ലായെന്നും ആയതിനാൽ തസ്തികകളിലെ അനുപാതം ക്രമീകരിക്കുന്നതിനായി 3 യു.ഡി അസിസ്റ്റന്റ് തസ്തികയും 1 യു.ഡി ടൈപ്പിസ്റ്റ്-ക്ലർക്ക് തസ്തികയും അധികമായി അനുവദിച്ചുനൽകുവാൻ സൂചന പ്രകാരം കാഡ്കോ മാനേജിംഗ് ഡയറക്ടർ സർക്കാരിൽ പ്രൊപ്പോസൽ സമർപ്പിച്ചിരുന്നു

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കാഡ്കോയിലെ പേ റിവിഷൻ നടപ്പിലാക്കിയ സൂചന (1) ലെ സർക്കാർ ഉത്തരവ് പ്രകാരം അംഗീകരിച്ച സ്റ്റാഫ് പാറ്റേണിൽ ഉൾപ്പെടുത്താത്ത പ്രസ്തുത തസ്തികളുടെ ആവശ്യകതയും പ്രസ്തുത 4 അധിക തസ്തികകൾ സൃഷ്ടിക്കുന്നതിനനുപാതമായി കാഡ്കോയിൽ ജോലി ഭാരമുണ്ടോയെന്നുമുള്ളതിനെ സംബന്ധിച്ചും വിശദമായ ഒരു വർക്ക് സ്റ്റഡി നടത്തി 3 മാസത്തിനകം റിപ്പോർട്ട് സമർപ്പിക്കുവാൻ സെന്റർ ഫോർ മാനേജ്മെന്റ് ഡെവലപ്മെന്റ് (Centre for Management Development)-. നെ ചുമതലപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
എ പി എം മുഹമ്മദ് ഹനീഷ്
പ്രിൻസിപ്പൽ സെക്രട്ടറി

ഡയറക്ടർ, സെന്റർ ഫോർ മാനേജ്മെന്റ് ഡെവലപ്മെന്റ്, തൈക്കാട്, തിരുവനന്തപുരം
മാനേജിംഗ് ഡയറക്ടർ, കാഡ്കോ
അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്), തിരുവനന്തപുരം
CEO, K-Bip, തിരുവനന്തപുരം
വിവര പൊതുജന സമ്പർക്ക വകുപ്പ് (സർക്കാർ ഉത്തരവ് web site ൽ പ്രസിദ്ധീകരിക്കുന്നതിന്)
സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം
Signed by S Padmaja
Date: 18-07-2022 13:18:25

പകർപ്പ്: വ്യവസായ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
വ്യവസായ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിക്ക്
വ്യവസായ വകുപ്പ് ജോയിന്റ് സെക്രട്ടറിക്ക്